**07.10.2023**

# KGBEU OU ബുള്ളറ്റിൻ 132/2023

സഖാക്കളെ,

## വിഷയം: പ്രക്ഷോഭം

പ്രക്ഷോഭം നടത്തി രേഖാമൂലം ഒത്തുതീർപ്പ് ഉണ്ടാക്കിയിട്ടും അതിന് യാതൊരു വിലയും കൽപ്പിക്കാത്ത മാനേജ്മെന്റ് നയങ്ങൾക്കെതിരെയും ജീവനക്കാരെ ശത്രുപക്ഷത്തു നിർത്തി മാനേജ്മെന്റ് നടത്തുന്ന കടന്നാക്രമണങ്ങൾക്കെതിരെയും പ്രക്ഷോഭത്തിലേക്ക് കടക്കണമെന്ന് കഴിഞ്ഞ കേന്ദ്രകമ്മിറ്റി യോഗത്തിൽ നാം തീരുമാനിച്ചിരുന്നു. സംയുക്ത പ്രക്ഷോഭത്തിനുള്ള സാധ്യത ഉണ്ടെങ്കിൽ ആ തരത്തിൽ നീങ്ങണം എന്നും അല്ലാത്തപക്ഷം ഒറ്റയ്ക്ക് മുന്നോട്ട് പോകണമെന്നുമാണ് സംഘടന തീരുമാനിച്ചത്.

ബാങ്കിലെ ഇതര സംഘടനകളോട് ഇതുമായി ബന്ധപ്പെട്ട് സംസാരിച്ചു. നാം ഉയർത്തുന്ന വിഷയങ്ങളെല്ലാം പ്രസക്തമായവ ആണെങ്കിലും പ്രക്ഷോഭത്തിലേക്ക് വരാൻ നിലവിൽ സാഹചര്യമില്ല എന്നാണ് മറുപടി കിട്ടിയത്. നമ്മുടെ സംഘടന തുടങ്ങി വച്ചാൽ ഭാവിയിൽ കൂടെ ചേരാം എന്നും പ്രതികരണം ലഭിച്ചു. ജോയിന്റ് ഫോറം പ്രക്ഷോഭം നടക്കുമ്പോൾ യുദ്ധമുഖത്തു നിന്നും ജീവനക്കാരെ വഞ്ചിച്ച് പിന്തിരിഞ്ഞോടിയ സംഘടനയുമായി സംസാരിച്ചിട്ടില്ല.

ആദ്യഘട്ടം എന്ന നിലയിൽ ഒക്ടോബർ 31ന് പ്രാതിനിധ്യ സ്വഭാവത്തോടു കൂടി ഹെഡ് ഓഫീസ് ധർണ്ണ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. തുടർ പരിപാടികൾ പിന്നീട് തീരുമാനിക്കും.

പ്രക്ഷോഭ പരിപാടികൾ പ്രചരിപ്പിക്കുന്നതിനും ധർണ്ണ സമരം വിജയിപ്പിക്കുന്നതിനും മുഴുവൻ സഖാക്കളും മുന്നിട്ടിറങ്ങണം എന്ന് അഭ്യർത്ഥിക്കുന്നു. നാം ഉയർത്തുന്ന ആവശ്യങ്ങൾ കാണിച്ചുള്ള വിശദമായ സർക്കുലർ ഉടൻ പ്രസിദ്ധീകരിക്കും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)